സി.പി.ഐ. (എം) പോളിറ്റ് ബ്യൂറോ അംഗവും കേരളത്തിലെ പ്രവർത്തന നിരതനായ പ്രതിപക്ഷ നേതാവും അധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി ധീരമായി പോരാടുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണി പോരാളിയും കേരളത്തിന്റെ സാർവ്വത്രിക വികസനത്തിന് വേണ്ടിയും അഴി മതിക്കെതിരായ പോരാട്ടത്തിലും യാതൊരു വിശ്രമവുമില്ലാതെ മുൻ പന്തിയിൽ നില കൊള്ളുകയും ചെയ്യുന്ന സ: വി.എസ് അച്ചുതാനന്ദനെതിരെ കേരളം കട്ടുമുടിക്കുന്ന മാഫിയ സംഘടനകളുടെ സമ്മർദ്ദത്തിനു വഴങ്ങി അദ്ദേഹത്തെ ഒറ്റപ്പെടുത്താൻ ശ്രമി ക്കുന്നവർക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടിയിരിക്കുന്നു. സ: വി.എസിനെ വിക സന വിരുദ്ധനെന്നും ന്യൂനപക്ഷ വിരുദ്ധനെന്നും മുദ്രകുത്തിയവർക്ക് ചരിത്രം മാപ്പു കൊടുക്കില്ല. പാവങ്ങളുടെ പടത്തലവനെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്ന കുഞ്ഞാലി ക്കുട്ടിമാരുടെ ബിനാമികളെ ഒറ്റപ്പെടുത്തുക. മാഫിയ സംഘങ്ങളുമായി ചേർന്ന് പാർട്ടി യുടെ താല്പര്യങ്ങളെ ബലികഴിക്കുന്ന ഇന്നത്തെ പാർട്ടിയുടെ നേതൃത്വത്തിന്റെ സ്ഥാനം ചരിത്രത്തിന്റെ ചവറ്റുകൊട്ടയിരിക്കും. അധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗ ത്തിന്റെ മോചനത്തിനു വേണ്ടി ഇക്കാലമത്രയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ: വി.എസ്. അച്ച്യുതാനന്ദനെതിരായ നീക്കത്തിൽ ചുക്കാൻ പിടിക്കുന്നവരെ കേരള ത്തിലെ പ്രബുദ്ധരായ ജനം കല്ലെറിയുന്ന കാലം വിദൂരമല്ലായെന്ന് ഓർക്കുന്നത് നന്നാ യിരിക്കും. മാഫിയ സംഘങ്ങളുടെ ബിനാമികൾക്ക് പാർട്ടിയിൽ എന്നും വാഴാമെന്നത് വെറും വ്യാമോഹം മാത്രമാണെന്ന് കാലം തെളിയിക്കും. സ: വി.എസിനെതിരായ ഏതു നീക്കത്തേയും ചെറുക്കാനുള്ള ശക്തി കേരളത്തിലെ അധ്വാനിക്കുന്ന ജന ങ്ങൾക്കുണ്ടെന്ന് മറക്കാതിരിക്കുക.

സി.പി.എം സിന്ദാബാദ്. സ: വി.എസ് സിന്ദാബാദ്

കേരള പീപ്പിൾസ് ഫോറം
ദുബായ്.